## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ: ഷീബ ജോർജ്ജ് IAS)

വിഷയം: വനിത ശിശു വികസന വകുപ്പ് - സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാർക്ക് 2017-18 വർഷം ഹോണറേറിയം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: കോഴിക്കോട് പി.ഒ. യുടെ 23.01.2018 ലെ ബി-367/17 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ. ICDS-A6-3884/17 തീയതി: 05.02.2018.**

2017-18 സാമ്പത്തിക വർഷം സൈക്കോ സോഷ്യൽ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസിലർമാർക്ക് 2018 ഫെബ്രുവരി മാസം വരെ ഹോണറേറിയം അനുവദിക്കുന്നതിന് പരാമർശ പ്രകാരം കോഴിക്കോട് പ്രോഗ്രാം ഓഫീസിൽ നിന്നും അധിക തുകയ്ക്കുള്ള ആവശ്യം ലഭ്യമായിരിക്കുന്നു. ഇതനുസരിച്ച് കോഴിക്കോട് ജില്ലയിൽ സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിനായി അധികമായി 1,30,750/- രൂപ (ഒരു ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റൻപത് രൂപ മാത്രം) ആവശ്യമാണ്.

മേൽ സാഹചര്യത്തിൽ സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിനായി അധിക തുക ആവശ്യപ്പെട്ട കോഴിക്കോട് ജില്ലയിലെ ഐസിഡിഎസ് പ്രോജക്ടുകളെ സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പമുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 2018 ഫെബ്രുവരി മാസം വരെ കോഴിക്കോട് ജില്ലയിൽ സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിന് 1,30,750/- രൂപ (ഒരു ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഓരോ ഐസിഡിഎസ് പ്രോജക്ടിലും അനുവദിച്ചിട്ടുള്ള തുക ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ പിൻവലിച്ച് ശിശു വികസന പദ്ധതി ഓഫീസ് വഴി ബന്ധപ്പെട്ട സ്കൂൾ കൗൺസിലർമാർക്ക് ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യേണ്ടതും ആയതിന്റെ അക്വിറ്റൻസ് രസീത് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02 102-62(01) (P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട സിഡിപിഒമാർക്ക്

**ഉള്ളടക്കം:** ലിസ്റ്റ്

**പകർപ്പ്:**

1. സൂപ്രണ്ട്, എ സെക്ഷൻ
2. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ/ പ്രോഗ്രാം ഓഫീസർ
3. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

P-18

സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിനായി അനുവദിക്കുന്ന തുക

| ക്രമ നം. | പ്രോജക്ടിന്റെ പേര് | 2018 ഫെബ്രുവരി മാസം വരെ ഹോണറേറിയം നൽകുന്നതിന് അനുവദിക്കുന്ന തുക (Rs.) |
|---|---|---|
| | കോഴിക്കോട് | |
| 1. | കോഴിക്കോട് അർബൻ 2 | 37,000 |
| 2. | കുന്നമംഗലം അഡീഷണൽ | 93,750 |
| | കോഴിക്കോട് ജില്ലയ്ക്ക് അധികമായി അനുവദിക്കുന്ന തുക | 1,30,750/- |

(ഒരു ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം)

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

1.

P 1.